പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 371 — 25.06.2014-ൽ മറുപടിയ്ക്ക്

# ഡാം സൈറ്റുകൾ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി :<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് :<br>ശ്രീ. പി. കെ. ബഷീർ :<br>ശ്രീ. പി. ഉബൈദുള്ള : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) പ്രകൃതി രമണീയമായ ഡാം സൈറ്റുകൾ മോടിപിടിപ്പിച്ച് ടൂറിസ്റ്റു കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) വൈദ്യുതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഹൈഡൽ ടൂറിസം സെന്റർ മുഖേന പരിസ്ഥിതിക്ക് കോട്ടം തട്ടാതെ പ്രകൃതിയോട് പൂർണ്ണമായും ഇണങ്ങുന്ന രീതിയിൽ ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതികൾ നടത്തി വരുന്നു. |
| (ബി) എങ്കിൽ ഏതൊക്കെ ഡാം സൈറ്റുകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) ഇടുക്കി ജില്ലയിൽ മൂന്നാറിൽ ഹെഡ് വർക്ക്സ് മാട്ടുപ്പെട്ടി ഡാം, കുണ്ടള ഡാം, ശെങ്കുളം ഡാം, എക്കോ പോയിന്റ്, വയനാട് ജില്ലയിൽ ബാണാസുരസാഗർ ഡാം, തിരുവനന്തപുരം ജില്ലയിൽ പാലോഡിന് സമീപമുള്ള ലോവർ മീൻമുട്ടി ഡാം എന്നീ ഡാം പ്രദേശങ്ങളിലാണ് ടൂറിസം പ്രവർത്തനങ്ങൾ നടത്തി വരുന്നത്. കൂടാതെ ഓണം, ക്രിസ്തുമസ് എന്നീ ആഘോഷവേളകളിൽ നിശ്ചിത ദിവസത്തേയ്ക്ക് എല്ലാവിധ സുരക്ഷാ സംവിധാനങ്ങളോടും കൂടി ഇടുക്കി-ചെറുതോണി ഡാമുകൾ സന്ദർശിക്കുന്നതിന് വിനോദ സഞ്ചാരികൾക്ക് സൗകര്യം ഏർപ്പെടുത്താറുണ്ട്. |
| (സി) ജലസേചന വകുപ്പിൻെറയും, വൈദ്യുതി വകുപ്പിൻെറയും ഇത്തരത്തിലുള്ള ഡാം സൈറ്റുകളും, ചെക്ക് ഡാം പ്രദേശങ്ങളും വിനോദ സഞ്ചാര കേന്ദ്രങ്ങളാക്കാൻ പ്രസ്തുത വകുപ്പുകളുമായി ചേർന്ന് സമഗ്രമായ ഒരു | (സി) വൈദ്യുതി വകുപ്പിന്റെ കീഴിൽ ഹൈഡൽ ടൂറിസം സെന്റർ മുഖേന മൂന്നാർ, മാട്ടുപ്പെട്ടി ശെങ്കുളം, ബാണാസുരസാഗർ, മീൻമുട്ടി എന്നീ ഡാമുകളിൽ ടൂറിസം പ്രവർത്തനങ്ങൾ വിജയകരമായി നടത്തി വരുന്നു. കൂടാതെ പൊരിങ്ങൽകുത്ത്, കക്കയം തുടങ്ങിയ ഡാം |

വിനോദസഞ്ചാര കേന്ദ്ര വികസന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുമോ ?

പ്രദേശങ്ങളിൽ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് കഴിഞ്ഞു. ഹൈഡൽ ടൂറിസം പദ്ധതികളുടെ വിപുലീകരണത്തിന്റെ ഭാഗമായി ജലസേചന വകുപ്പിന്റെ ഡാം പ്രദേശങ്ങളിൽക്കൂടി സമഗ്രമായ വകുപ്പ് തല ചർച്ചകൾക്ക് ശേഷം ടൂറിസം പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ.**